**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 975** **07-12-2022 - ൽ മറുപടിയ്ക്ക്**

**എസ്.സി/എസ്.ടി. കോളനികളുടെ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | എസ്. സി/എസ്. ടി. കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമ വികസന പദ്ധതിയും, പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതിന് പുറമെ, കുടിവെള്ളമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കോർപ്പസ് ഫണ്ടും ഉപയോഗിക്കുന്നു. |
| (ബി) | പട്ടാമ്പി മണ്ഡലത്തിലെ ഏതെല്ലാം കോളനികളാണ് 2016 മുതൽ 2021 വരെയുള്ള കാലയളവിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം നവീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | 2016-17 സാമ്പത്തിക വർഷം കാരക്കുന്ന് കൈപ്പുറമ്പ് കോളനി, മുല്ലശ്ശേരി കോളനി, 2021-22 സാമ്പത്തികവർഷം പള്ളിപാട്ടിൽ കോളനി, വടക്കേക്കര നാല് സെന്റ് കോളനി എന്നിവ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം നവീകരിച്ചിട്ടുണ്ട്. |
| (സി) | ഓരോ കോളനിക്കും എത്ര തുകയാണ് അനുവദിച്ചതെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും നിർവ്വഹണ ഏജൻസി ഏതാണെന്നും അറിയിക്കാമോ; | (സി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ലോക് ഡൗൺ സമയത്ത് ട്രൈബൽ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ഡി) | ലോക്ഡൗൺ സമയത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് കോളനിയിലെ കമ്മ്യൂണിറ്റി ഹാളുകൾ, 200 സാമൂഹ്യപഠനമുറികൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, മറ്റ് സർക്കാർ കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ഇന്റർനെറ്റ്, ഡി.റ്റി.എച്ച്, കേബിൾ തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിച്ച് പഠനസൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. 200 സാമൂഹ്യപഠനമുറികളിലും ഫെസിലിറ്റേറ്റർമാരുടെ സേവനവും, മറ്റ് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓൺലൈൻ പഠനകേന്ദ്രങ്ങളിൽ പ്രസ്തുത കോളനിയിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ |

| | | | |
|---|---|---|---|
| | | | സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ്, ഡി.റ്റി.എച്ച് സംവിധാനം ലഭ്യമല്ലാത്ത കോളനിയിൽ എം.ആർ.എസിലെ അദ്ധ്യാപകർ നേരിട്ട് എത്തി വിക്ടേഴ്സ് ചാനൽ വഴി ലഭ്യമായ ക്ലാസ് ഡൗൺലോഡ് ചെയ്തതിനുശേഷം ആയത് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി കുട്ടികളുടെ പഠനത്തെ സഹായിക്കുകയും കുട്ടികൾക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെ ട്രൈബൽ വിദ്യാർത്ഥികൾ സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം കൊഴിഞ്ഞു പോക്ക് തടയുന്നതിനായി നവീന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>1. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ<br>2. പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ<br>3. സാമൂഹ്യപഠനമുറി<br>4. മെന്റർ ടീച്ചർ പദ്ധതി<br>5. വിദ്യാവാഹിനി പദ്ധതി<br>6. രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം<br>7. വിവിധ സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ<br>കൂടാതെ, പ്രമോട്ടർമാർ, സോഷ്യൽ വർക്കർമാർ, പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെ വിദ്യാലയങ്ങളിൽ സ്ഥിരമായി എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | കോളനിയുടെ പേര് | പ്രവൃത്തികൾ | ഏജൻസി & എസ്റ്റിമേറ്റ് തുക | നിലവിലെ സ്ഥിതി | അനുവദിച്ച തുക |
|---|---|---|---|---|---|
| **2016-17** | | | | | |
| 1 | കാരക്കുന്ന് കൈപ്പറമ്പ് | കോൺക്രീറ്റ് റോഡ് & ഫുട്പാത്ത് | ജില്ലാ നിർമ്മിതി കേന്ദ്രം<br><br>1 കോടി രൂപ | പ്രവൃത്തി പുരോഗതി യിലാണ് | 20 ലക്ഷം രൂപ |
| | | ചുറ്റുമതിൽ | | | |
| | | കിണർ നവീകരണം | | | |
| | | സൈഡ് പ്രൊട്ടക്ഷൻ | | | |
| | | അംഗൻവാടി നവീകരണം | | | |
| | | റോഡ് റീ ടാറിംഗ് | | | |
| | | വാട്ടർ സപ്ലൈ | | | |
| | | ടാങ്ക് പ്ലാറ്റ്ഫോം | | | |
| 2 | മുല്ലശ്ശേരി | കോൺക്രീറ്റ് റോഡ് | ജില്ലാ നിർമ്മിതി കേന്ദ്രം<br><br>99,91,842/- രൂപ | പ്രവൃത്തികൾ പൂർത്തീകരിച്ചു. ഫൈനൽ ബിൽ അനുവദിച്ചു | 99,91,842/-രൂപ |
| | | ഡ്രെയിനേജ് നിർമ്മാണം | | | |
| | | സാംസ്കാരിക നിലയം | | | |
| | | ലാന്റ്സ്കേപ്പിംഗ് | | | |
| | | ടി.വി | | | |
| | | കമ്പ്യൂട്ടർ | | | |
| | | വാട്ടർ സപ്ലൈ | | | |
| | | കുഴൽ കിണർ | | | |
| **2021-22** | | | | | |
| 3 | പള്ളിപ്പാട്ടിൽ | - | ജില്ലാ നിർമ്മിതി കേന്ദ്രം | എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല | - |
| 4 | വടക്കേക്കര നാല്സെന്റ് കോളനി | - | ജില്ലാ നിർമ്മിതി കേന്ദ്രം | എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല | - |

സെക്ഷൻ ഓഫീസർ